**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **895** — **11.03.2015** ൽ മറുപടി നൽകേണ്ടിയിരുന്നത്

**മഞ്ഞാലി തോടിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജോസ് തെറ്റയിൽ** | **ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി)** |
| (എ) 25-04-2011 ൽ 12.35 കോടി രൂപയുടെ ഭരണാനുമതിയും 25-04-2013 ൽ 14 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും ലഭിച്ച മഞ്ഞാലി തോടിന്റെ ശ്രീ. ഭഗവതി ക്ഷേത്രം മുതൽ മധൂരപ്പുറം പാലം വരെയുള്ള രണ്ടാംഘട്ട വികസന പ്രവർത്തങ്ങൾ 4 വർഷം പൂർത്തിയാകാറായിട്ടും ആരംഭിക്കാൻ സാധിക്കാത്തതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് വിശദമാക്കാമോ; | (എ) 20/04/13 ൽ പുതുക്കിയ ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതി പുതുക്കിയ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി 30/07/14 ൽ കൂടിയ സാങ്കേതികാനുമതി കമ്മിറ്റി പ്രകാരം 06/11/14 ൽ സ.ഉ. (സാധാ) നം. 1041/14/ജ.വി.വ. സാങ്കേതികാനുമതി നൽകി. പ്രസ്തുത പദ്ധതിയുടെ ടെൻണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. ടെൻഡർ നടപടികൾ പൂർത്തിയായാലുടൻ പണി ആരംഭിക്കുന്നതാണ്. |
| (ബി) ഇതിനെ സംബന്ധിച്ച് അന്വേഷണം നടത്തുവാനും അടിയന്തിരയോഗം വിളിച്ചുചേർക്കുവാനും ആവശ്യപ്പെട്ട് 16-06-2014 ൽ സമർപ്പിച്ചിരുന്ന നിവേദനത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (ബി) 16/06/14 ൽ സമർപ്പിച്ചിട്ടുള്ള നിവേദനത്തിന്റെ പകർപ്പ് പരിശോധിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതിനായി ജലസേചനവും ഭരണവും വിഭാഗം ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുക്കുകയും പ്രസ്തുത ഓഫീസിൽ നിന്ന് 19-07-14 ൽ ഡബ്ല്യു.4/20091/14/ആർ നം. കത്ത് പ്രകാരം മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

ഭരണഭാഷ, മാതൃഭാഷ

നം. ഡബ്ല്യു.4/20091/14/ആർ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം,
തിയതി: 19.07.2014.

പ്രേഷിത

ചിഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീ. അഡ്വ. ജോസ് തെറ്റയിൽ,
മെമ്പർ കേരള നിയമസഭ,
തെറ്റയിൽ ഹൗസ്,
അങ്കമാലി.

സർ,

വിഷയം:- അങ്കമാലി- മാഞ്ഞാലി തോടിൻെറ പുനരുദ്ധാരണം സംബന്ധിച്ച്-

സൂചന:- 1. താങ്കളുടെ കത്ത് നമ്പർ ജെ.റ്റി/എ.എൻ.ജി14/141 തീയതി 9-06-2014.
2. ഈ ഓഫീസിലെ സർക്കാരിലേയ്ക്കുളള കത്ത് നമ്പർ ഡബ്ളിയു.4/ 20287/11/റ്റി.എസ് തീയതി 30-06-14.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അങ്കമാലി- മാഞ്ഞാലി തോടിന്റെ പുനരുദ്ധാരണ പ്രവർത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിലേക്കായി 14.35 കോടി രൂപയുടെ എസ്റ്റിമേറ്റ് സൂചന 2 പ്രകാരം സർക്കാരിൽ സമർപ്പിച്ചിട്ടുളള വിവരം ഇതിനാൽ അറിയിച്ച് കൊളളുന്നു.

സെക്ഷൻ ഓഫീസർ